**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2040** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ നവീകരണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>01.ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 2019-2020, 2020-2021, 2021-2022 എന്നീ സാമ്പത്തിക വർഷങ്ങളിലായി 24,33,800/- രൂപ അനുവദി ആയത് ചിലവഴിച്ച് പുതിയ കെട്ടിട നിർമ്മാണം പൂർത്തീയാക്കി 19.06.2021-ൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.<br><br>02.പഴയ പോലീസ് സ്റ്റേഷനുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന്റെ ഭാഗമായി മുനക്കകടവ് പോലീസ് സ്റ്റേഷന് 2021-2022 സാമ്പത്തിക വർഷത്തിൽ 6,25,000/- രൂപയു Basic Amenity Work നടത്തുന്നതിനായി 4,75,000/- രൂപയും അനുവദിച്ച് പ്രവർത്തികൾ നടത്തിയിട്ടുണ്ട്.<br><br>03.പഴയ പോലീസ് സ്റ്റേഷനുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന്റെ ഭാഗമായി വടക്കേക്കാട് പോലീസ് സ്റ്റേഷന് 2021-2022 സാമ്പത്തിക വർഷത്തിൽ 6,24,800/- രൂപയു Basic Amenity Work നടത്തുന്നതിനായി 7,75,000/- രൂപയും അനുവദിച്ച് വർക്കുകൾ സ്റ്റേഷനിൽ നടത്തിയിട്ടുണ്ട്.<br><br>04.മുനക്കകടവ്, വടക്കേക്കാട് എന്നീ സ്റ്റേഷനുകളുടെ നവീകരണത്തിന്റെ ഭാഗമായി താഴെ പറയുന്ന പ്രവൃത്തികൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | *2.5 ലക്ഷം രൂപ ചിലവിൽ സ്മാർട്ട് സ്റ്റോറേജ് നടപ്പിലാക്കി.<br><br>* 5.5 ലക്ഷം രൂപ ചിലവിൽ സ്റ്റേഷനുകൾ വനിതാ-ശിശു സൗഹൃദമാക്കാൻ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br><br>*2.5 ലക്ഷം രൂപ ചിലവിൽ സ്റ്റേഷനുകൾക്ക് ഭിന്നശേഷി സൗഹൃദമാക്കാൻ Ramp & Toilet എന്നിവ നിർമ്മിച്ചു.<br><br>*2.5 ലക്ഷം രൂപയ്ക്ക് സ്റ്റേഷനുകൾക്ക് ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്.<br><br>*2.5 ലക്ഷം രൂപ സ്റ്റേഷനുകൾക്ക് Computer അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിന് ചിലവഴിച്ചു.<br><br>*2.5 ലക്ഷം രൂപ ചിലവിൽ സ്റ്റേഷനുകളിൽ Basic Training Centre കൾ ഒരുക്കിയിട്ടുണ്ട്. |
| (ബി) | 2022-23 ബജറ്റിൽ ഉൾപ്പെടുത്തിയ ചാവക്കാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ചാവക്കാട് പോലീസ് സ്റ്റേഷന്റെ നിലവിലുള്ള കെട്ടിടത്തിന് പുറകിലുള്ള പഴയ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടു സ്വീകരിച്ചു വരുന്നു. |
| (സി) | ഗുരുവായൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട സ്ഥലസൗകര്യമില്ലാത്തതും ആവശ്യത്തിന് ക്വാർട്ടേഴ്സുകൾ ഇല്ലാത്തതുമായ പോലീസ് സ്റ്റേഷനുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | ഗുരുവായൂർ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന വടക്കേക്കാട് പോലീസ് സ്റ്റേഷൻ, മുനക്കകടവ് കോസ്റ്റൽ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ മതിയായ സ്ഥലസൗകര്യമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ, വടക്കേക്കാട് പോലീസ് സ്റ്റേഷൻ, മുനക്കകടവ് കോസ്റ്റൽ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ ക്വാർട്ടേഴ്സുകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ